യൂണിയൻ സമർപ്പിച്ച നിവേദനം അനുവദിക്കുന്നതുവരെ ഇപ്പോൾ നിലവിലുള്ള വയോജന വിദ്യാഭ്യാസ ഓഫീസർമാരുടെ അനുബന്ധ തസ്തികകളും താൽക്കാലികമായി തുടരുന്നതിന് അനുമതി നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ വയോജന വിദ്യാഭ്യാസത്തിന് കേന്ദ്രത്തിന്റെ സാമ്പത്തികസഹായം ഇല്ലാതെ വന്ന സാഹചര്യത്തിലാണ് ഈ പ്രശ്നം ഉടലെടുത്തത്. ഇവരുടെ സേവനം കാലിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനും ഡയറ്റുകളിലും ഉപയോഗപ്പെടുത്തണമെന്നും മിനിസ്റ്റീരിയൽ ജീവനക്കാരെയും തലവൻമാരേയുമൊക്കെ വിദ്യാഭ്യാസ വകുപ്പിൽ സമുചിതമായി പുനർവിന്യസിപ്പിക്കണമെന്നും ഉള്ള നിർദ്ദേശം നിലവിലുണ്ട്. ഇത് വളരെ കറണ്ടായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു അന്തിമതീരുമാനം കൈക്കൊണ്ടുകൊണ്ട് ഏറ്റവും പെട്ടെന്ന് തീരുമാനമെടുക്കുന്നതാണ്. ഇവരെ റിവേർട്ട് ചെയ്യാതെ എങ്ങനെ ഈ വകുപ്പിൽ നിലനിർത്താമെന്ന് ഗൗരവത്തോടുകൂടി പരിശോധിക്കുന്നതാണ്.

(6) കേരളത്തെയും കർണ്ണാടകത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുപ്പുഴ പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, തലശ്ശേരി കുടക് അന്തർസംസ്ഥാന പാതയിൽ വരുന്നതു കർണ്ണാടകത്തെയും കേരളത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ എന്റെ നിയോജകമണ്ഡലത്തിലെ കൂട്ടുപ്പുഴ പാലം തീർത്തും അപകടാവസ്ഥയിലാണ്. കോൺക്രീറ്റും പാലത്തിന്റെ ഭാരം താങ്ങുന്ന ആർച്ചും അപകടകരമാംവിധം തകർന്നിരിക്കുകയാണ്. ഏത് നിമിഷവും അപകടവും റോഡ് ബ്ലോക്കും ആകാവുന്ന സ്ഥിതിയാണ് ഇന്നുള്ളത്. 1933-ൽ ബ്രട്ടീഷ് ഭരണകാലത്തുള്ള പാലത്തിന്റെ ഗ്യാരന്റി പീരീഡു കഴിഞ്ഞു. 17 വർഷം പിന്നിട്ടിരിക്കുകയാണ്. ഈ പാലം തകർന്നുപോയാൽ വടക്കേ മലബാറിൽനിന്ന് കുടകിലേയ്ക്കുള്ള ഗതാഗതം തന്നെ നിലയ്ക്കും. അതുകൊണ്ട് കൂട്ടുപ്പുഴപ്പാലം അടിയന്തിരമായ പുനർനിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, തലശ്ശേരി കൂർഗ് റോഡിലുള്ള കൂട്ടുപ്പുഴ പാലം 1933-ൽ നിർമ്മിച്ചതാണ്. ഇതിന് 68 കൊല്ലം പഴക്കമുണ്ട്. ഈ പാലത്തിന്റെ അപകട സ്ഥിതിമനസ്സിലാക്കിയിട്ടുണ്ട്. അതു പുതുക്കിപ്പണിയാൻ 150 ലക്ഷം രൂപ വേണ്ടിവരും. ഇതുപോലുള്ള പാലങ്ങൾ കേരളത്തിൽ കുറേയധികമുണ്ട്. മൊത്തം ഒരു പാക്കേജുണ്ടാക്കി ഈ അപകടസ്ഥിതിയിലുള്ള പാലങ്ങൾ പുനരുദ്ധരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും ഉള്ള കാര്യങ്ങൾ ഗൗരവമായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. തോമസ് ചാഴികാടന്റെ സബ്മിഷൻ ഒരു പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. അങ്ങ് തന്ന സബ്മിഷൻ ഏറ്റുമാനൂർ കല്ലറ വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കുന്നതു സംബന്ധിച്ചാണ്. ആ റോഡ് 16 കിലോമീറ്റർ ദൈർഘ്യമുള്ള റോഡാണ്. അതിൽ രണ്ടു കിലോമീറ്റർ മാത്രമേ അങ്ങയുടെ റോഡുള്ളൂ. പി. നാരായണന്റെ നിയോജക മണ്ഡലത്തിലെ ആറു കിലോമീറ്റർ റോഡും മോൻസ് ജോസഫിന്റെ മണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചു കിലോമീറ്റർ റോഡും അതിൽ ഉൾപ്പെടും. ഇതു സംബന്ധിച്ച് അവരും എഴുതി തന്നിട്ടുണ്ട്. ചെയർ നിസ്സഹായനാണ്. അതുകൊണ്ട് ചെയറിനെ വിഷമിപ്പിക്കരുത്. മൂന്നു മണ്ഡലത്തിലുമുള്ള റോഡാണ്. ഞാൻ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇനിയെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങൾ സ്വയം ശ്രദ്ധിക്കണം. ഞങ്ങൾക്ക് ഇതെല്ലാം ശ്രദ്ധിക്കാൻ വളരെ പ്രയാസമുണ്ട്.

(7) ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, സർ, ഇതിൽ ഒരു വിവാദത്തിന്റെ ആവശ്യമില്ല. കഴിഞ്ഞ നാലു വർഷമായി ടെൻഡർ ചെയ്ത റോഡാണ് ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡ്. മൂന്നു റീച്ചായി ടെൻഡർ ചെയ്തതാണ്. ഏറ്റുമാനൂർ മുതൽ കല്ലറ വരെയുള്ള ഭാഗം ഒരു റീച്ചായും കല്ലറ മുതൽ വെച്ചൂർ വരെയുള്ളത് രണ്ടു റീച്ചായും ടെൻഡർ ചെയ്ത് പണി പൂർത്തിയാക്കുന്നതിനു വേണ്ടി കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്ന റോഡാണ്. ആ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന ആവശ്യം മാത്രമേയുള്ളൂ. ഇതിനകത്ത് ഒരു വിവാദത്തിന്റെ ആവശ്യമില്ല. കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയാണ് ഏറ്റുമാനൂർ കല്ലറ വെച്ചൂർ റോഡ്. പ്രസ്തുത റോഡ് പൂർണ്ണമായും തകർന്ന് യാത്രായോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. ഏറ്റുമാനൂർ മുതൽ കല്ലറവരെയുള്ള അമ്പതു കിലോമീറ്റർ ദൂരം വീതി കൂട്ടി ടാർ ചെയ്യുന്നതിന് ടെൻഡർ വിളിച്ച് 24.2.97ന് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നതാണ്. കല്ലറ മുതൽ വെച്ചൂർവരെയുള്ള ഏഴര കിലോമീറ്റർ റോഡ് പുതിയതായി നിർമ്മിച്ച് ടാർ ചെയ്യുന്നതിന് രണ്ടു റീച്ചായി ടെൻഡർ ചെയ്തു. 96 ഫെബ്രുവരിയിൽ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നതാണ്. നാലു വർഷം കഴിഞ്ഞിട്ടും റോഡിന്റെ പണി പൂർത്തിയായിട്ടില്ല. ഏതാനും ഭാഗത്ത് കലിങ്ക് പണിത് മണ്ണിട്ട് ഉയർത്തുന്ന നടപടികൾ പൂർത്തിയാക്കി. അതുകൂടി വന്നപ്പോൾ ഒട്ടും യാത്ര ചെയ്യാൻ പറ്റാത്തവിധം കാര്യങ്ങൾ പോയിരിക്കുകയാണ്. ഈ റോഡിലുള്ള മുടക്കാലി പാലത്തിന്റെ ടോൾ പിരിവ് നിറുത്തി വയ്ക്കാനും മാർച്ചുമാസം 31-ാം തീയതിക്കുമുമ്പ് റോഡിന്റെ ടാറിംഗ് പൂർത്തിയാക്കാതെ മേലിൽ ടോൾ പിരിക്കരുതെന്നും ബഹു. ഹൈക്കോടതി ഇക്കഴിഞ്ഞ ജനുവരി 27-ന് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എത്രയും വേഗം ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി യാത്രാ യോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഈ റോഡിന്റെ ഏറ്റവും കൂടുതൽ പോർഷൻ വരുന്നത് കടുത്തുരുത്തി നിയോജകമണ്ഡലത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ റോഡ് സഞ്ചാര യോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ മൂന്ന് എം.എൽ.എ.മാരും ഒരുപോലെ ആവശ്യപ്പെടുന്നതാണ്. ഈ വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിച്ച് ഈ റോഡ് എത്രയുംവേഗം സഞ്ചാര യോഗ്യമാക്കണമെന്ന് അപേക്ഷിക്കുകയാണ്.

<u>ശ്രീ. പി. നാരായണൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. അക്കാര്യം മറച്ചുവച്ചുകൊണ്ടാണ് വെച്ചൂർ പഞ്ചായത്ത് എന്ന് ശ്രീമാൻ ചാഴികാടൻ ഉന്നയിച്ചത്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഈ വർക്ക് കാര്യമായി നടത്തുന്നതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് നിരന്തരമായി ആവശ്യപ്പെട്ടിരുന്നതാണ്. അതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly